2958
23/06
Web
23/6
HOD Chalu
27/6

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് -നഗരസഭകൾ - മേയറുടെ അതിഥി സൽക്കാരച്ചെലവ് - വാർഷിക പരിധി ഒരു ലക്ഷം രൂപയായി നിശ്ചയിച്ചു ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ആർ.ഡി) വകുപ്പ്

സ.ഉ.(സാധ) നം. 1418/09/തസ്വഭവ. തിരുവനന്തപുരം, തീയതി 15/06-2009

---

പരാമർശം:- 1. G.O.(Ms) 24/92/LAD dated 29/1/1992

2. നഗരകാര്യ ഡയറക്ടറുടെ 13/11/2008-ലെ ഡി.സി3 13855/07 നമ്പർ കത്ത്.

## ഉത്തരവ്

മേൽ പരാമർശത്തിലെ ഉത്തരവ് പ്രകാരം മേയർമാരുടെ അതിഥി സൽക്കാര ച്ചെലവിനുള്ള വാർഷിക പരിധി 10,000/- രൂപയായി നിശ്ചയിച്ചിരുന്നു. പരാമർശം രണ്ടിലെ കത്തുപ്രകാരം വാർഷിക പരിധി ഉയർത്തണമെന്ന് നഗരകാര്യ ഡയറക്ടർ ശുപാർശ ചെയ്തിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. നഗരസഭാ ഡയറകടറുടെ ശുപാർശയുടെ അടിസ്ഥാനത്തിലും നഗരസഭയുടെ പ്രവർത്തനങ്ങൾ വിപുലമായ തിന്റെ അടിസ്ഥാനത്തിലും മേയർമാരുടെ അതിഥി സൽക്കാരച്ചെലവിനുള്ള വാർഷിക പരിധി 1,00,000/-രൂപ (ഒരു ലക്ഷം രൂപ)യായി വർദ്ധിപ്പിച്ചുകൊണ്ട് ഉത്തരവാകുന്നു.

പരിധിയിൽ കവിഞ്ഞ് വരുന്ന ചെലവിന് സാധൂകരണം നൽകുകയില്ല. അധിക ചെലവ് മേയർമാരുടെ വ്യക്തിപരമായ ബാദ്ധ്യതയായിരിക്കുന്നതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
കെ. അനിൽ കുമാർ
അണ്ടർ സെക്രട്ടറി.

നഗരകാര്യഡയറക്ടർ,തിരുവനന്തപുരം
എല്ലാ കോർപ്പറേഷൻ മേയർമാർക്കും/ സെക്രട്ടറിമാർക്കും.
എല്ലാകോർപ്പറേഷൻ മുനിസിപ്പാലിറ്റി/ചെയർമാൻമാർക്കും/ സെക്രട്ടറിമാർക്കും
(നഗരകാര്യ ഡയറക്ടർ മുഖേന)
എക്സിക്യൂട്ടീവ് മിഷൻ ഡയറക്ടർ, ഐ.കെ.എം, പ്രതീക്ഷ ടവേഴ്സ്, പാങ്ങപ്പാറ, തിരുവനന്തപുരം (തദ്ദേശസ്വയംഭരണ വകുപ്പിന്റെയും, മറ്റ് സർക്കാർ വെബ്സൈറ്റുകളിലും പ്രസിദ്ധീകരിക്കുന്നതിനും)
ഡയറക്ടർ, പബ്ലിക് റിലേഷൻസ് വകുപ്പ് (പത്രമാധ്യമങ്ങളിലൂടെ ആവശ്യമായ പബ്ലിസിറ്റിക്ക്)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ,തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ),തിരുവനന്തപുരം
ഡയറക്ടർ, ലോക്കൽഫണ്ട് ആഡിറ്റ്,തിരുവനന്തപുരം
തദ്ദേശസ്വയംഭരണ വകുപ്പിലെ എല്ലാ സെക്ഷനുകൾക്കും
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ